**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്കിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ.വി.ജെ.വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി ഗ്രാമവികസന കമ്മീഷണർ തീർപ്പാക്കിയത് - അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 48/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 07.01.2015**

---

പരാമർശം:-1. ഗ്രാമവികസന കമ്മീഷണറുടെ 06.05.2014ലെ 12854/എസ്റ്റാഎ2/13/സിആർഡി നമ്പർ നടപടിക്രമം.
2. ശ്രീ.വി.ജെ.വർഗ്ഗീസ്, ഹെഡ് ക്ലാർക്ക്, പെരുമ്പടപ്പ് ബ്ലോക്ക് സമർപ്പിച്ച 02.06.2014 തീയതിയിലെ അപ്പീൽ അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 07.08.2014 തീയതിയിലെ 13908/എസ്റ്റാഎ2/2014/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലാർക്കായിരുന്ന ശ്രീ.വി.ജെ.വർഗ്ഗീസ് 15.04.2013 മുതൽ 20.04.2013 വരെയും, 24.04.2013 മുതലും അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരിക്കുകയും 2013 ഫെബ്രുവരി മാസം മുതലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തതിന്റെ പേരിൽ ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.വി.ജെ.വർഗ്ഗീസിനെ അച്ചടക്ക നടപടികൾക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, 11.12.2013-ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്കിൽ ഹെഡ് ക്ലാർക്കായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.വി.ജെ.വർഗ്ഗീസിന് വിശദമായ കുറ്റാരോപണ മെമ്മോയും കുറ്റപത്രവും നൽകുകയും അതിന് ടിയാൻ തന്റെ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു.

മനഃപൂർവ്വമായി ജോലിയിൽ വീഴ്ച വരുത്തുവാനോ മേലധികാരികളെ ധിക്കരിക്കാനോ ശ്രമിച്ചിട്ടില്ലായെന്നും മനഃപൂർവ്വമല്ലാത്ത വീഴ്ചകൾ സദയം മാപ്പാക്കണമെന്നും തന്റെ പ്രതിവാദപത്രികയിൽ ശ്രീ.വി.ജെ.വർഗ്ഗീസ് അപേക്ഷിക്കുക യുണ്ടായി. ശ്രീ.വി.ജെ.വർഗ്ഗീസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) സമർപ്പിച്ച അഭിപ്രായകുറിപ്പിൽ ഹെഡ്ക്ലാർക്ക് പോലെ ഉത്തരവാദിത്വപ്പെട്ട തസ്തികയുടെ ചുമതലകൾ വഹിക്കുന്നതിൽ ശ്രീ.വി.ജെ.വർഗ്ഗീസ് വീഴ്ച വരുത്തുകയുണ്ടായിയെന്നും, ടിയാന്റെ ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ പരിഗണിച്ചും, ടിയാന്റെ സർവ്വീസിൽ ആദ്യമായി ഉള്ള വീഴ്ചയാണെന്നത് പരിഗണിച്ചും, ലഘുവായ ശിക്ഷയും താക്കീതും

നൽകി അച്ചടക്ക നടപടി തീർപ്പാക്കാൻ ആലപ്പുഴ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും ശ്രീ.വി.ജെ.വർഗ്ഗീസിന്റെ പേരിൽ സ്വീകരിച്ച അച്ചടക്ക നടപടി 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവ്, നിയന്ത്രണവും അപ്പീലും) ചട്ടം 11 (1) (i) പ്രകാരം 'സെൻഷ്വർ' നൽകി കൊണ്ട് തീർപ്പാക്കുകയും, സസ്പെൻഷൻ കാലയളവ് ചട്ടം 56 (ബി) KSR Part I പ്രകാരം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു കൊണ്ടും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. തന്നെ സെൻഷ്വർ ചെയ്തുകൊണ്ടുള്ള ശിക്ഷ റദ്ദാക്കണമെന്നും, സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നും, സസ്പെൻഷൻ കാലയളവിലെ ശമ്പളവും മറ്റ് എല്ലാ അലവൻസുകളും സർവ്വീസ് ആനുകൂല്യങ്ങളും നൽകണമെന്നുമാണ് ശ്രീ.വി.ജെ.വർഗ്ഗീസ് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.വി.ജെ. വർഗ്ഗീസ്, ഹെഡ് ക്ലാർക്കിന്റെ പേരിൽ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിയത് ലഘുശിക്ഷയായ 'സെൻഷ്വർ' നൽകി കൊണ്ടാണെന്നും, ടിയാന്റെ ഭാഗത്ത് വീഴ്ചയുണ്ടായെങ്കിലും തികച്ചും ഉദാരമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും ആകയാൽ ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലെന്നും ശ്രീ.വി.ജെ.വർഗ്ഗീസിനു നൽകിയ ശിക്ഷയിൽ ഇളവു നൽകുന്ന വിഷയത്തിലും, സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്ന വിഷയത്തിലും സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ.വി.ജെ.വർഗ്ഗീസിന്റെ അപ്പീൽ അപേക്ഷയിൽ ടിയാനെ നേരിൽ കേട്ടതിന് ശേഷമേ ശിക്ഷണ നടപടികൾ സ്വീകരിക്കാവൂ എന്ന് അപേക്ഷിച്ചതിൻ പ്രകാരം 25.09.2011-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ടിയാന് കൂടെക്കൂടെ നടുവിന് വേദനയുണ്ടാകാറുണ്ടെന്നും ഇങ്ങനെയുള്ള അവസരങ്ങളിൽ യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടാകാറുണ്ടെന്നും ഇങ്ങനെയുള്ള അവസരങ്ങളിൽ മാത്രമാണ് അവധിക്കപേക്ഷിച്ചിട്ടുള്ളതെന്നും മനപൂർവ്വമായി ജോലിയിൽ വീഴ്ചകളൊന്നും വരുത്തിയിട്ടില്ലെന്നും നേർക്കാഴ്ചയിൽ ടിയാൻ പറഞ്ഞു. എന്നാൽ അസുഖം തെളിയിക്കുന്നതിനുള്ള യാതൊരു മെഡിക്കൽ സർട്ടിഫിക്കറ്റും ടിയാൻ ഹാജരാക്കുകയുണ്ടായില്ല. നേരത്തെ ടിയാനെ സസ്പെൻഡ് ചെയ്തിരുന്ന കാലയളവ് ദീർഘമായിപ്പോയതിനാൽ ഈ കാലയളവ് റഗുലറൈസ് ചെയ്യാനായി അനുവദിക്കപ്പെട്ട അവധി ടിയാന്റെ അക്കൗണ്ടിൽ ലീവുകൾ അവശേഷിക്കാത്തതിനാൽ ശൂന്യവേതനാവധി ആക്കേണ്ട അവസ്ഥയുണ്ടായാൽ

ശമ്പളയിനത്തിൽ നഷ്ടമുണ്ടാകുമെന്നും ടിയാൻ സാമ്പത്തികമായി ശോച്യാവസ്ഥയിൽ ആകയാൽ അത് തന്റെ ജീവിതത്തെ തന്നെ ബാധിക്കുമെന്നും ആകയാൽ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നും നേർക്കാഴ്ചയിൽ ടിയാൻ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വി.ജെ.വർഗ്ഗീസ് അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും, കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനുമാണ് ടിയാനെതിരെ അച്ചടക്ക നടപടി ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ചത്. ടി ക്രമക്കേടുകൾ അങ്ങേയറ്റം ഗൗരവമർഹിക്കുന്നവയാണ്. എന്നിരുന്നാലും ഗ്രാമവികസന കമ്മീഷണർ ടിയാനോട് വളരെ അനുഭാവപൂർവ്വമായ ഒരു സമീപനം സ്വീകരിക്കുകയും, ലഘു ശിക്ഷയായ 'സെൻഷർ' നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയും, ടിയാന്റെ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാന് നൽകിയ ശിക്ഷയിൽ ഇനിയും ഇളവുകൾ നൽകിയാൽ ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കുന്നതിനും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതിനും ഇടവരുത്തിയേക്കാം. ഓഫീസിൽ ഹാജരാകാതിരുന്ന കാലയളവ് അർഹതപ്പെട്ട അവധി ക്രഡിറ്റിൽ ഇല്ലായെന്ന കാരണത്താൽ യാതൊരു വിധത്തിലും ഡ്യൂട്ടിയായി പരിഗണിക്കാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്കിലെ ഹെഡ് ക്ലാർക്ക് ശ്രീ.വി.ജെ.വർഗ്ഗീസിന്റെ അപ്പീൽ അപേക്ഷ ഇതിനാൽ നിരസിച്ച് തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.വി.ജെ.വർഗ്ഗീസ്, ഹെഡ് ക്ലാർക്ക്, ബ്ലോക്ക്
ഡെവലപ്മെന്റ് ഓഫീസ്, പെരുമ്പടപ്പ്, മലപ്പുറം.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ